**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1493** **30-08-2022 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിൽ സ്വന്തമായി കെട്ടിടമില്ലാത്തതും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നേരിടുന്നതുമായവ ഏതെല്ലാമാണ്; പ്രസ്തുത അപര്യാപ്തത പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | മങ്കട നിയോജക മണ്ഡലത്തിലെ വില്ലേജ ഓഫീസുകളെല്ലാം സ്വന്തം കെട്ടിടത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലു അങ്ങാടിപ്പുറം, വലമ്പൂർ എന്നീ വില്ലേജ ഓഫീസുകൾക്ക് ഫ്രണ്ട് ഓഫീസ നിർമ്മാണത്തിനും പുഴക്കാട്ടിരി വില്ലേജിന അറ്റകുറ്റപ്പണിക്കുമായുള്ള പ്രൊപ്പോസൽ മലപ്പുറം ജില്ലാ കളക്ടർ തയ്യാറാക്കിയിട്ടുണ്ട്.<br><br>അഞ്ച് വർഷക്കാലത്തിനിടയിൽ എല്ലാ വില്ലേജുകളും സ്മാർട്ടാക്കുകയാണ സർക്കാരിന്റെ ലക്ഷ്യം. ഇതനുസരിച്ച് ഒര വില്ലേജ് സ്മാർട്ടാക്കാൻ അറ്റകുറ്റപണികൾ മാത്രം മതിയാകുന്നവ, പൂർണ്ണമായും പുതിയ കെട്ടിടം പണിയേണ്ടവ, സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കേണ്ടവ എന്നിങ്ങനെ പ്രത്യേകം തരം തിരിച്ച് മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി വരികയാണ് ഇതനുസരിച്ച് ആവശ്യമായ നടപടികൾ പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഓരോ വില്ലേജ് ഓഫീസിലും അനുവദിച്ചിട്ടുള്ള സ്റ്റാഫ് സ്ട്രെങ്ത് എത്രയാണ്; നിലവിൽ ജീവനക്കാരുടെ ഒഴിവുകളുള്ള ഓഫീസുകൾ ഏതെല്ലാമാണ്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | മങ്കട മണ്ഡലത്തിലെ ഓരോ വില്ലേജ് ഓഫീസിലും അനുവദിച്ചിട്ടുള്ള സ്റ്റാഫ് സ്ട്രെങ്ത്, നിലവിൽ ജീവനക്കാരുടെ ഒഴിവുകളുള്ള ഓഫീസുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. വില്ലേജുകളിലെ വി.എഫ്.എ/വി.എ തസ്തികകളിലെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ കമ്പ്യൂട്ടർ, പ്രിന്റർ, ലാപ്ടോപ്പുകൾ, ഓൺലൈൻ സേവനങ്ങൾ | (സി) | എല്ലാ വില്ലേജ് ഓഫീസുകളിലും കമ്പ്യൂട്ടർ, പ്രിന്റർ, ലാപ്ടോപ്പ് മുതലായവ ഉണ്ടെങ്കിലും കാലപ്പഴക്കം മൂലം |

| | | | |
|---|---|---|---|
| | നൽകുന്നതിന് ആവശ്യമായ സംവിധാനങ്ങൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ അപര്യാപ്തമായതോ പ്രവർത്തനരഹിതമായിട്ടുള്ളതോ കാലപ്പഴക്കമുള്ളതോ ആയിട്ടുള്ള വില്ലേജ് ഓഫീസുകൾ നിലവിലുണ്ടോ; | | പ്രവർത്തനക്ഷമത കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ പൊതുജനങ്ങൾക്ക് കാര്യക്ഷമമായും സമയബന്ധിതമായും സേവനങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമായ രീതിയിൽ അവ സജ്ജമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | പൊതുജനങ്ങൾക്ക് കാര്യക്ഷമമായു സമയബന്ധിതമായും സേവനങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമായ രീതിയിൽ എല്ലാ വില്ലേജ് ഓഫീസുകളിലും കമ്പ്യൂട്ടർ പ്രിന്റർ, ലാപ്ടോപ്പ് മുതലായവ ബഡ്ജറ്റ ലഭ്യതയ്ക്ക് വിധേയമായ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമിതരമാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൌത്യത്തിനായി വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ ഓഫീസുകളിൽ കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവ ലഭ്യമാക്കുന്നതിനായി 5,99,93,000/- രൂപ 22.02.2022-ലെ സ.ഉ (കൈ) 56/2022/റവ പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട് കൂടാതെ എം.എൽ.എ മാരുടെ ആസ്ത വികസന ഫണ്ട്/പ്രത്യേക വികസന ഫണ്ടിൽ നിന്നും വില്ലേജ് ഓഫീസുകളിലും താലൂക്ക ഓഫീസുകളിലും ഇ-ഓഫീസ നടപ്പിലാക്കുന്നതിനായി തുക വിനിയോഗിക്കുന്നതിന് അനുവാദം നൽകി 04.06.2022-ലെ സ.ഉ (പി) നം. 62/2022/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

## മങ്കട മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ

| ക്രമ നമ്പർ | വില്ലേജ് | സ്റ്റാഫ് സ്ട്രെങ്ത് | ഒഴിവ് |
|---|---|---|---|
| 1 | അങ്ങാടിപ്പുറം | 7 | – |
| 2 | വലമ്പൂർ | 6 | വി.എഫ്.എ–1 |
| 3 | വടക്കാങ്ങറ | 5 | – |
| 4 | മങ്കട | 7 | – |
| 5 | കോഡൂർ | 5 | എസ്.വി.ഒ/വി.എ–1 |
| 6 | കുട്ടിലങ്ങാടി | 6 | വി.എഫ്.എ–1 |
| 7 | മൂർക്കനാട് | 6 | വി.എഫ്.എ–1 |
| 8 | കുറുവ | 6 | എസ്.വി.ഒ/വി.എ–1 |
| 9 | പുഴക്കാട്ടിരി | 7 | എസ്.വി.ഒ/വി.എ–1, വി.എഫ്.എ–1 |